**കേരള സർക്കാർ**

**നം.ഡി.എ 1/72/2019/ തസ്വഭവ**

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 23.02.2019

**സർക്കുലർ**

വിഷയം:- തസ്വഭവ - കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റപ്പണി എന്നിവയുടെ പ്രോജക്റ്റ്/ അപേക്ഷ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.19 ൽ ചേർന്ന യോഗത്തിന്റെ 3.4 നമ്പർ തീരുമാനം

കൊച്ചി കോർപ്പറേഷൻ ഒഴികെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും ODF ആയി പ്രഖ്യാപിച്ചതാണ്. പല തദ്ദേശഭരണ സ്ഥാപനങ്ങളും പുതിയ കക്കൂസ് നിർമ്മാണത്തിനും കക്കൂസ് അറ്റകുറ്റപ്പണിക്കും പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാനായി കോ ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി പല തദ്ദേശഭരണ സ്ഥാപനങ്ങളും തേടുന്നുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് സമർപ്പിക്കുന്ന കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റപ്പണി എന്നിവയുടെ പ്രോജക്റ്റ്/ അപേക്ഷയോടൊപ്പം ഇതിന്റെ ആവശ്യകത, മറ്റ് വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ റിപ്പോർട്ടും ഉൾപ്പെടുത്തേണ്ടതാണ്. ഇതുൾപ്പെടുത്താതെ സമർപ്പിക്കുന്നവ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുന്നതല്ല.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.സി.)വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ